# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/14/2018 2018 ജനുവരി 18

## പത്രക്കുറിപ്പ്

### എം.ജി.യിൽ 'പരീക്ഷണശാലയിൽ നിന്ന് ഉൽപ്പന്നങ്ങളിലേക്ക്' പദ്ധതി: വിദ്യാഭ്യാസമന്ത്രി ഇന്ന് (ജനുവരി 19) ഉദ്ഘാടനം ചെയ്യും

മഹാത്മാഗാന്ധി സർവ്വകലാശാലാ ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്ററിന്റെ (BIIC) ആഭിമുഖ്യത്തിൽ, അക്കാദമിക, വ്യാവസായിക ബന്ധത്തിലൂടെ ഗവേഷണ ഫലങ്ങൾ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്താൻ ലക്ഷ്യംവച്ച്, നടപ്പാക്കുന്ന 'പരീക്ഷണശാലയിൽ നിന്ന് ഉൽപ്പന്നങ്ങളിലേക്ക്' (From Labs to Industry - FLI) എന്ന പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (ജനുവരി 19) ഉച്ച കഴിഞ്ഞ് 2.30ന് വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പദ്ധതി വിശദീകരണം നടത്തും. രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. എ.എം. തോമസ്, ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. എ. ജോസ്, ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. ആർ. ഗിരീഷ്കുമാർ എന്നിവർ സംസാരിക്കും.

മഹാത്മാഗാന്ധി സർവ്വകലാശാല ഗവേഷണഫലങ്ങൾ പരീക്ഷണശാലയിൽ നിന്നും വിപണിയിലേക്കെത്തിക്കുന്ന 'ലാബ് ടു ഇൻഡസ്ട്രി' പദ്ധതിയിലൂടെ ശാസ്ത്രഗവേഷണ ഫലങ്ങൾ പ്രായോഗികതലത്തിൽ പ്രയോജനപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഗവേഷണ ബിരുദങ്ങൾ അവാർഡ് ചെയ്യുന്ന സർവ്വകലാശാലകളിൽ എം.ജി. മുന്നിട്ടു നിൽക്കുന്നു. 2017ൽ 198 പി.എച്ച്.ഡി. ബിരുദധാരികൾ എം.ജി.യിൽ നിന്നും പുറത്തുവന്നിട്ടുണ്ട്. ഇവരുടെ ഗവേഷണഫലങ്ങളും കണ്ടുപിടുത്തങ്ങളും സമൂഹനന്മയ്ക്ക് പ്രയോജനപ്പെടുത്തുവാനും വ്യാവസായിക ഉല്പന്നങ്ങളായി മാറ്റുന്നതിനും പേറ്റന്റുകൾ നേടിയെടുക്കുന്നതിനും സർവ്വകലാശാല ഈ പദ്ധതിയിലൂടെ സൗകര്യമൊരുക്കും. അക്കാദമിക-വ്യവസായിക ബന്ധം പരിപോഷിപ്പിച്ചുകൊണ്ട്, ഗവേഷകരും ഫാക്കൽട്ടി അംഗങ്ങളും ഈ പദ്ധതിയിൽ പങ്കാളികളാകും. ഇതിനായി, എം.ജി.യിൽ സ്ഥാപിതമായിരിക്കുന്ന ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ, സർക്കാർ/സാമൂഹിക/അക്കാദമികതല പങ്കാളിത്തത്തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സുസ്ഥിര വികസനവും സ്വാശ്രയത്വവും നേടാൻ ലക്ഷ്യം വെച്ചുള്ള എം.ജി.യുടെ വിഷൻ - 2030 പദ്ധതി, അക്കാദമിക-വ്യവസായ ബന്ധത്തിലൂടെയും, സാങ്കേതികവിദ്യ, ലൈസൻസിംഗ്, പേറ്റന്റുകൾ തുടങ്ങിയവയിലൂടെയും അധിക വിഭവ സമാഹരണം നടത്തും. ഈ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഓഫ് ബയോസയൻസ് കോട്ടയത്തുള്ള അബ്ടെക് ടെക്നോളജീസുമായി ധാരണാപത്രം ഒപ്പുവച്ചുകഴിഞ്ഞു. നാനോ സയൻസസ് പഠനകേന്ദ്രവും ഉല്പന്നങ്ങളുടെ വ്യാവസായിക ഉല്പാദനത്തിന് വിവിധ വ്യവസായ സ്ഥാപനങ്ങളുമായി ധാരണ രൂപപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലയുടെ ഈ പ്രവർത്തനങ്ങൾക്ക് അടിത്തറയായി ഫാബ്ലാബ്, സയൻസ് പാർക്ക് എന്നീ ബൃഹത് സംരംഭങ്ങളും സമീപഭാവിയിൽ സാക്ഷാത്ക്കരിക്കപ്പെടും. വിദ്യാർത്ഥികളിൽ സംരംഭകത്വ നൈപുണ്യം വളർത്തുവാനും പ്രോത്സാഹിപ്പിക്കുവാനും എം.ജി.യിലെ ബി.ഐ.ഐ.സി.യുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥി സ്റ്റാർട്ട് അപ്പുകളും, ഇന്നൊവേഷൻ പ്രഭാഷണ പരമ്പരകളും, പ്രദർശനങ്ങളും പേറ്റന്റുകൾ നേടുന്നതിനുള്ള നടപടികളും ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. പേറ്റന്റിനായുള്ള 14 അപേക്ഷകളിൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നതായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു.

### വാക്ക് ഇൻ ഇന്റർവ്യൂ മാറ്റി

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ഗസ്റ്റ് അദ്ധ്യാപക തസ്തികയിലേക്ക് ഇന്ന് (ജനുവരി 19) ഉച്ച കഴിഞ്ഞ് 2 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന വാക്ക് ഇൻ ഇന്റർവ്യൂ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**<u>അപേക്ഷാ തീയതി</u>**

നാലാം വർഷ ബി.ഫാം (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 31ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 25 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപ (പേപ്പറൊന്നിന് 20 രൂപ വീതം, പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം. രണ്ടാം വർഷ പരീക്ഷയുടെ മാർക്ക്ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**<u>എം.സി.എ. സൂക്ഷ്മപരിശോധന</u>**

2017 മെയ് മാസത്തിൽ നടന്ന അഞ്ചാം സെമസ്റ്റർ എം.സി.എ. (റഗുലർ/സപ്ലിമെന്ററി/ലാറ്ററൽ എൻട്രി/ലാറ്ററൽ സപ്ലിമെന്ററി) പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖകൾ സഹിതം ജനുവരി 24ന് പരീക്ഷാഭവനിലെ ഇ.ജെ. 2 സെക്ഷനിൽ (റൂം നമ്പർ 226) രാവിലെ 10.മണിക്ക് ഹാജരാകണം.

**<u>പരീക്ഷാഫലം</u>**

2017 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്.-റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 2 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.ജെ. (പി.ജി. സി.എസ്.എസ്. - സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 2 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**